

വായനാമുറി

നൗഷാദ് ഫറോക്ക്

# നാല്ലൊരു ഇന്ത്യക്കുവേണ്ടി നീതിയുടെ പക്ഷത്തുനിന്നുള്ള എഴുത്തുകൾ

**മതമൈത്രിയിലധിഷ്ഠിതമായ** അഖണ്ഡ ഭാരതത്തിന്റെ നല്ല ഭാവിക്കുവേണ്ടി നീതിയുടെ പക്ഷത്ത് നിന്നുള്ള എഴുത്തുകളുടെ സമാഹാരമാണ്, പ്രതീക്ഷാ ബുക്സ് പ്രസിദ്ധീകരിച്ച 'ഭീകരതയെ കഫിയ്യ പുതപ്പിക്കുന്നതാര്?' എന്ന പുസ്തകം. മതേതര ഇന്ത്യൻ സാമൂഹിക-സാംസ്കാരിക രംഗങ്ങളിൽ ചിരപ്രതിഷ്ഠ നേടിയ പ്രമുഖർ ഭീകരതയുടെ കെട്ടുകഥകൾക്കെതിരെ സമരപ്രഖ്യാപനം നടത്തുകയാണ് ഇവിടെ.

ഇന്ത്യയിലെ മുസ്‌ലിംകൾ അവരുടെ വിശ്വാസാദർശങ്ങളുടെ പേരിൽ പീഡനമനുഭവിക്കുന്നു. തീർത്തും ആസൂത്രിതമായ ഒരു ഗൂഢാലോചനയുടെ ഭാഗമാണിത്. ആഗോള സാമ്രാജ്യത്വ ശക്തികളും ഇന്ത്യൻ വലതുപക്ഷ ഫാഷിസ്റ്റുകളും മാധ്യമരംഗത്തെ താപ്പാനകളും മുതൽ വ്യാവസായിക ഭീമന്മാർ വരെ ഈ ഗൂഢാലോചനയിൽ കണ്ണിചേർന്നിരിക്കുന്നു. മതേതരവാദികളെന്ന് വീമ്പിളക്കുന്ന ചിലരാവട്ടെ പ്രശ്നം വരുമ്പോൾ നിഗൂഢമായ മൗനത്തിന്റെ പുറംപോക്കിലഭയം പ്രാപിക്കുന്നു. ഈയൊരു തീക്കളിയിൽനിന്ന് എന്തോ നേട്ടം കൊയ്യാനാശിക്കും വിധമാണ് അവരുടെ പെരുമാറ്റങ്ങൾ.

മുസ്‌ലിംകളെ ഭീകരരായി മുദ്രകുത്തുന്നതിൽ അമേരിക്കയുടെയും ഇസ്രയേലിന്റെയും കരുനീക്കങ്ങൾ അമരേശ് മിശ്രയും ബദ്‌രീ റൈനയും ചൂണ്ടിക്കാട്ടുന്നു. തീവ്രഹിന്ദുത്വയുടെ വക്താക്കളായ ഇന്ത്യൻ വലതുപക്ഷ ഫാഷിസ്റ്റുകളാവട്ടെ അവർക്ക് എല്ലാവിധ ഒത്താശകളും ചെയ്തുകൊടുക്കുന്നു. നവി മുംബൈയിലിരുന്ന് 'ഇൻഡ്യൻ മുജാഹിദീ'ന്റെ (മുഴുവൻ ലേഖകരും ഈ സംഘടനയുടെ നിലനിൽപ്പിനെതന്നെ ചോദ്യം ചെയ്യുന്നു!) പേരിൽ ഇ-മെയിൽ സന്ദേശമയച്ച കെൻ ഹേവുഡ് എന്ന സി.ഐ.എ ചാരൻ പിടികൊടുക്കാതെ രക്ഷപ്പെട്ടത് ഈ സഖ്യത്തിന്റെ കള്ളക്കളികളുടെ തെളിവായിരുന്നുവത്രെ! അച്ചടി-ദൃശ്യ മാധ്യമങ്ങളാവട്ടെ സാമ്രാജ്യത്വ ശക്തികൾക്കും ഫാഷിസ്റ്റുകൾക്കും ജനകീയതയുടെ ഒളിയിടങ്ങൾ ഒരുക്കിക്കൊടുക്കുന്നു. സാംസ്കാരിക സാഹിത്യ മണ്ഡലങ്ങളെ പ്രോജ്ജ്വലമാക്കുന്ന പല സംരംഭങ്ങൾക്കും ആതിഥ്യം വഹിക്കുമ്പോഴും, ജാമിഅ മില്ലിയ്യ കാമ്പസിലേക്ക് തിരിഞ്ഞുനോക്കാത്ത മാധ്യമക്കൂട്ടം ബട്‌ലാ ഹൗസ് സംഭവത്തിനു ശേഷമാണ് കഴുകൻ കണ്ണുകളുമായി കാമ്പസിൽ ചുറ്റിക്കറങ്ങാനിറങ്ങിയതെന്ന് പ്രഫ. മുശീറുൽ ഹസൻ. മാധ്യമങ്ങളെ മൂല്യങ്ങളിൽ നിന്നടർത്തിമാറ്റി, മാർക്കറ്റിംഗ് സ്റ്റാഫ് ഓതിക്കൊടുക്കുന്ന വിപണന മന്ത്രങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളാക്കി മാറ്റിയതിൽ വ്യവസായികൾക്കുള്ള പങ്ക് അജിത് സാഹി വെളിപ്പെടുത്തുന്നുണ്ട്.



ഇന്ത്യൻ മുസ്‌ലിംകളുടെ ദയനീയസ്ഥിതി പുസ്തകം വരച്ചുകാണിക്കുന്നു. വിഭജന കാലത്ത് 'പാകിസ്താനെ'ന്ന സ്വർഗം കാണിച്ച് പ്രലോഭിപ്പിച്ചിട്ടും ഈ നാടിനെ സ്നേഹിച്ച് ഇവിടെത്തന്നെ നിൽക്കാൻ തീരുമാനിച്ചവരാണ് ഇന്ത്യൻ മുസ്‌ലിംകൾ. യഥാർഥ രാജ്യസ്നേഹികളായ അവർ ഇന്ന് രാഷ്ട്രത്തോടുള്ള തങ്ങളുടെ സ്നേഹം പന്തലുകെട്ടി പ്രഖ്യാപിക്കേണ്ട ഗതികേടിലും രാജ്യത്തിന്റെ വ്യത്യസ്ത മേഖലകളിൽ വംശീയമായി ചാപ്പകുത്തപ്പെട്ട മുസ്‌ലിം, താൻ ഭീകരനല്ലെന്ന് തെളിയിക്കാൻ നിർബന്ധിതനാണ്. മുസ്‌ലിം സംഘടനകളാവട്ടെ, ജനങ്ങളുടെ ഉന്നമനത്തിനും സംസ്കരണത്തിനുമായി ചെലവിടേണ്ട തുക മറ്റു അപ്രധാന കാര്യങ്ങൾക്കായി നീക്കിവെക്കുകയും ചെയ്യുന്നു. ഈയൊരു പരീക്ഷണഘട്ടത്തെ അതിജയിക്കാനുള്ള പോംവഴികളും എഴുത്തുകാർ ചൂണ്ടിക്കാട്ടുന്നുണ്ട്.

മുസ്‌ലിംകൾ അവരനുഭവിക്കുന്ന പീഡനങ്ങൾക്കെതിരായി പൊതു സമ്മർദം രൂപപ്പെടുത്തിയെടുക്കണം. അതിന് മുസ്‌ലിംകൾ സ്വയം ബോധവാന്മാരാവേണ്ടതുണ്ട്. ശത്രുക്കളുടെ ഗൂഢാലോചനകൾക്കു മുമ്പിൽ തലകുനിച്ച് നിൽക്കുന്നതിനു പകരം നിയമപരവും ജനാധിപത്യപരവുമായ എല്ലാ സാധ്യതകളും ആരാഞ്ഞ് അവർ അഹിംസാ പോരാട്ടത്തിനിറങ്ങണം. അതിനവർ മുന്നിട്ടിറങ്ങുമ്പോൾ മാത്രമേ അവർക്കുവേണ്ടി സംസാരിക്കുന്ന ബുദ്ധിജീവികളുടെയും സാംസ്കാരിക പ്രവർത്തകരുടെയും ഇടപെടൽ ഫലപ്രദമാവൂ. ഹിന്ദു സഹോദരന്മാർ മുസ്‌ലിംകൾക്ക് ഒരു കൈത്താങ്ങ് നൽകാൻ തയാറാവണം. നൂറ്റാണ്ടുകളായി ഇന്ത്യ പുലർത്തിവരുന്ന അസൂയാർഹമായ മതമൈത്രിയുടെ വർത്തമാനകാല തേട്ടമാണത്.

ജാമിഅ മില്ലിയ്യ യൂനിവേഴ്സിറ്റി വൈസ് ചാൻസലർ പ്രഫ. മുശീറുൽ ഹസന്റെയും ജ്ഞാനപീഠ ജേതാവ് യു.ആർ അനന്തമൂർത്തിയുടെയും പ്രഭാഷണങ്ങളും സുഭാഷ് ഗഥാദെ, സദാനന്ദ് മേനോൻ, ശബ്നം ഹാഷ്മി, കെ.ഇ.എൻ, സുറൂർ മന്ദർ, ബദ്‌രി റൈന, അമരേഷ് മിശ്ര, യോഗീന്ദർ സിക്കന്ദ് തുടങ്ങിയവരുടെ ലേഖനങ്ങളും തെഹൽക റിപ്പോർട്ടർ അജിത് സാഹിയുമായും സ്വാമി അഗ്നിവേശുമായും യോഗീന്ദർ സിക്കന്ദ് നടത്തിയ അഭിമുഖ സംഭാഷണങ്ങളുമാണ് പുസ്തകത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ആമുഖമായി സച്ചിദാനന്ദന്റെ 'മുസ്‌ലിം' എന്ന കവിതയും അനുബന്ധമായി പ്രമുഖ പത്രപ്രവർത്തകരും ന്യായാധിപരും അംഗങ്ങളായുള്ള ജനകീയ ട്രൈബ്യൂണലിന്റെ ഇടക്കാല നിർദേശങ്ങളും ഉൾക്കൊള്ളിച്ചിട്ടുണ്ട്. സമാഹരണം ടി. മുഹമ്മദ് വേളം. ■